(ബി) ശരിയായ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ അപേക്ഷ നിരസിക്കുന്നതാണെന്ന് ഗസറ്റ് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നു.

(സി) നിരസിച്ചിരുന്നില്ല. അപേക്ഷയോടൊപ്പം ശരിയായ സർവ്വീസ് സർട്ടിഫിക്കറ്റ് സമർപ്പിച്ചീരുന്നില്ലെങ്കിലും പിന്നീട് ടി ന്യൂനത പരിഹരിച്ചതിനാൽ യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുത്തി. എന്നാൽ ഗസറ്റ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷയോടൊപ്പം സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്ന 9 ഉദ്യോഗാർത്ഥികളെ യോഗ്യതാ പട്ടികയിൽ നിന്നും നീക്കം ചെയ്യുവാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(ഡി) ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്കായി അപേക്ഷ സമർപ്പിച്ച 166 ഉദ്യോഗാർത്ഥികളിൽ 33 പേരുടെ മാർക്കിൽ പുനഃപരിശോധനയിൽ വ്യത്യാസം വന്നിരുന്നു. ഇവരിൽ യോഗ്യതാലിസ്റ്റിൽ ഉൾപ്പെടാൻ മാർക്ക് ലഭിച്ച മൂന്ന് പേരെ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിലൂടെ യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. പുനഃപരിശോധനയ്ക്ക് അപേക്ഷിച്ചവരുടെ മാർക്ക് വെളിപ്പെടുത്തുവാൻ വ്യവസ്ഥയില്ല.

പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ ആസൂത്രണം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ

58 (2874) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ഉടൻ അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തസ്തികൾക്കാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എല്ലാ തസ്തികകളിലേക്കും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് തീരുമാനിച്ചിരിക്കുന്നത് ; വിശദാംശം നൽകുമോ ;

(ഇ) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാലുടൻ അടുത്ത റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്നതിന് മുമ്പായി പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പി.എസ്.സി. യുടെ തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് One time registration സംവിധാനവും ഒറ്റത്തവണ പ്രമാണ പരിശോധനാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പി.എസ്.സി. യുടെ പരീക്ഷാ രീതികൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും എന്നുമാത്രമല്ല ഭീമമായ പരീക്ഷാ ചെലവ് ഗണ്യമായി കുറയ്ക്കുവാനും കഴിയും. ഇതിനായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിച്ചുവരുന്നു.

(സി) യൂണിഫോംഡ് ഫോഴ്സസ് തസ്തികകളിൽ വർഷാവർഷം സെലക്ഷൻ നടന്നുവരുന്നു. എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സെർവ്വന്റ്സ്, അസിസ്റ്റന്റ്/ഓഡിറ്റർ തുടങ്ങിയ തസ്തികകളിൽ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്ന മുറയ്ക്ക് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി&ഇ) മേൽപ്പറഞ്ഞ സാങ്കേതിക സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുമ്പോൾ പരമാവധി തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ കഴിയും.

ദിവസ വേതനാടിസ്ഥാനത്തിലുള്ള അനധികൃത നിയമനം

59 (2875) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യാതെ ടി ഒഴിവുകളിൽ തങ്ങൾക്ക് താൽപ്പര്യമുള്ളവർക്ക്

LIBRARY ARCHIVES Kerala Legislative Assembly